# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1182** **03/12/2015 ൽ മറുപടിക്ക്**

## വിദ്യാഭ്യാസ രംഗത്ത് വരുത്തിയ ഗുണപരമായ മാറ്റങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്<br>,, തോമസ് ഉണ്ണിയാടൻ<br>" ശ്രീ.റ്റി.യു.കുരുവിള | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിദ്യാഭ്യാസ രംഗത്ത് വരുത്തിയ ഗുണപരമായ മാറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 9,10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ചത് അടുത്ത വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി വിദഗ്ദ്ധ പരിശീലനവും, നിരന്തര മൂല്യനിർണ്ണയം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള പരിശീലനവും അധ്യാപകർക്ക് നൽകിയിട്ടുണ്ട്. |
| ബി) ഗ്രാമ പ്രദേശങ്ങളിൽ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | ബി) പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല. |
| സി) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പരീക്ഷയും പരീക്ഷാഫലവും, അഡ്മിഷനും മറ്റും കൃത്യമായ കലണ്ടറിന്റെ അടിസ്ഥാനത്തിൽ നടത്തുമോ? | സി) 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പരീക്ഷ, പരീക്ഷാഫലം, അഡ്മിഷൻ എന്നീ കാര്യങ്ങൾ മുൻകൂട്ടി തയ്യാറാക്കുന്ന വിദ്യാഭ്യാസ കലണ്ടറിന്റെ അടിസ്ഥാനത്തിലാണ് നടത്തപ്പെടുന്നത്. |

സെക്ഷൻ ഓഫീസർ